**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3216</u>      <u>19.06.2018 -ൽ മറുപടിക്ക്</u>

## <u>കൊച്ചുപള്ളി - അമ്പലത്തുംമൂല പാലം നിർമ്മാണം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം. വിൻസെന്റ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കോവളം നിയോജക മണ്ഡലത്തിലെ കൊച്ചുപള്ളി - അമ്പലത്തുംമൂല പ്രദേശങ്ങളെ യോജിപ്പിയ്ക്കുന്ന പാലം നിർമ്മാണം തടസ്സപ്പെട്ടിരിയ്ക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>ബി) തടസ്സപ്പെടുവാനുള്ള കാരണം വിശദമാക്കാമോ; തടസ്സങ്ങൾ നീക്കി എത്രയും വേഗം പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിയ്ക്കുമോ? | എ) യും ബി) യും കോവളം നിയോജകമണ്ഡലത്തിൽ അടിമലത്തുറ-കല്ലുമുക്ക് ബീച്ചുകളെ ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് " കൺസ്ട്രക്ഷൻ ഓഫ് സസ്പെൻഷൻ ബ്രിഡ്ജ് അറ്റ് ചൊവ്വര പൊഴി" എന്ന പദ്ധതിയ്ക്ക് 03.06.2014 ലെ സ.ഉ. (സാധാ) നം. 4344/2014/ടൂറിസം പ്രകാരം 4,70,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി ആരംഭിച്ചുവെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിനെ മാറ്റി സസ്പെൻഷൻ ബ്രിഡ്ജ് പണിയുന്നതിന് വൈദഗ്ധ്യമുള്ള മറ്റൊരു ഏജൻസിയായ സിൽക്ക്-നെ വിനോദ സഞ്ചാര വകുപ്പ് പണി ഏൽപ്പിച്ചിരുന്നു. നിർവ്വഹണ ഏജൻസിയെ മാറ്റി നിയമിച്ച വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടി സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ